ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:18.07.2025**

## പ്രധാനവാർത്തകൾ

1. ബീഹാറിൽ 7,200 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിച്ചു. നാല് പുതിയ അമൃത് ഭാരത് ട്രെയിനുകൾ പ്രധാനമന്ത്രി ഫ്ളാഗ്ഓഫ് ചെയ്യും.

2. കൊല്ലത്ത് വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ച സംഭവത്തിൽ സ്ക്കൂൾ മാനേജ്മെൻറിന് കാരണം കാണിക്കൽ നോട്ടീസ് നല്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. K S E B - യ്ക്കെതിരെയും പ്രതിഷേധം ശക്തം.

3. സംസ്ഥാനത്ത് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ച വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഴ തുടരുന്നു. മലയോരമേഖലകളിൽ ജാഗ്രതാ നിർദ്ദേശം. കണ്ണൂരിൽ വ്യാപക നാശനഷ്ടം.

4. കോട്ടയം പുതുപ്പള്ളിയിൽ ഉമ്മൻ ചാണ്ടി സ്മൃതിസംഗമം ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഉദ്ഘാടനം ചെയ്തു. ജനവികാരം മനസിലാക്കുന്ന രാഷ്ട്രീയ നേതാവായിരുന്നു ഉമ്മൻ ചാണ്ടിയെന്ന് രാഹുൽ ഗാന്ധി.

5. ബിജെപി സംസ്ഥാന ഭാരവാഹി യോഗത്തിൽ പങ്കെടുക്കാനെത്തിയ സദാനന്ദൻ മാസ്റ്റർക്ക്

RNU TVPM

**പ്രവർത്തകരുടെ ഊഷ്മള സ്വീകരണം. കേരളത്തിന്റെ വളർച്ചയ്ക്കായി കൂട്ടായ പ്രവർത്തനത്തിലൂടെ മുന്നോട്ടുപോകാമെന്ന് നിയുക്ത എം പി.**

*************************************

## പ്രധാനമന്ത്രി - ബീഹാർ

ബീഹാറിലെ മോത്തിഹാരിയിൽ 7,200 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിച്ചു. സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്കുകൾ, റോഡ് പദ്ധതികൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. നാല് പുതിയ അമൃത് ഭാരത് ട്രെയിനുകളും പ്രധാനമന്ത്രി ഫ്ളാഗ് ഓഫ് ചെയ്യും.

*************************************

RAJU TVPM

## പ്രധാനമന്ത്രി - പശ്ചിമ ബംഗാൾ

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പശ്ചിമ ബംഗാളിലെ ദുർഗാപൂരിൽ 5,000 കോടിയിലധികം രൂപയുടെ വികസന പദ്ധതികൾ നാടിന് സമർപ്പിക്കും. ഭംഗുര, പുരുളിയ ജില്ലകളിൽ ഭാരത് പെട്രോളിയം കോർപ്പറേഷൻ സിറ്റി ഗ്യാസ് പദ്ധതികൾക്ക് ഇന്ന് തറക്കല്ലിടും. റെയിൽ - റോഡ് ഗതാഗതങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പദ്ധതികളും പ്രധാനമന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്യും.

*************************************

## സർവകക്ഷി യോഗം

പാർലമെൻറിൻറെ വർഷകാല സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ ഞായറാഴ്ച സർവകക്ഷി യോഗം വിളിച്ചു ചേർക്കും. പാർലമെൻറിൻറെ ഇരുസഭകളുടെയും സുഗമമായ

പ്രവർത്തനം ഉറപ്പാക്കുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണം തേടുകയാണ് ലക്ഷ്യം. ഈ മാസം 21 മുതൽ അടുത്ത മാസം 21 വരെയാണ് വർഷകാല സമ്മേളനം.

*****************************************

## മന്ത്രി ജോർജ് കുര്യൻ

മലപ്പുറം നിലമ്പൂരിൽ അമലാ കോളേജ് ഓഫ് അഡ്വാൻസ് സ്റ്റഡീസിലെ ബിരുദദാന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഇന്ന് വൈകിട്ട് പങ്കെടുക്കും. കോളേജിലെ നൈപുണ്യ വികസന കേന്ദ്രം സന്ദർശിക്കുന്ന മന്ത്രി പെൺകുട്ടികളുടെ ഹോസ്റ്റലും ഉദ്ഘാടനം ചെയ്യും. മന്ത്രി വി അബ്ദുറഹിമാൻ പരിപാടിയിൽ പങ്കെടുക്കും.

*****************************************

RNU TVPM

## മന്ത്രി ശിവൻകുട്ടി (ഇൻട്രോ)

കൊല്ലം തേവലക്കരയിൽ സ്കൂളിൽ വച്ച് വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ച സംഭവത്തിൽ മാനേജ്മെൻറിന് കാരണം കാണിക്കൽ നോട്ടീസ് നല്കുമെന്ന് മന്ത്രി വി ശിവൻകുട്ടി. മൂന്ന് ദിവസത്തിനകം രേഖാമൂലം വിശദീകരണം നൽകണമെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. സ്കൂളിലെ പ്രധാന അധ്യാപികയെ സസ്പെൻഡ് ചെയ്യാനും നിർദ്ദേശിച്ചിട്ടുണ്ട്. മാനേജ്മെൻറ് നടപടി എടുത്തില്ലെങ്കിൽ സർക്കാർ വേണ്ട നടപടി സ്വീകരിക്കും. കുട്ടിയുടെ കുടുംബത്തിന് അർഹമായ ധനസഹായം നൽകുന്നത് മാനേജ്മെൻറ് ഗൗരവമായി പരിഗണിക്കണമെന്നും മന്ത്രി പറഞ്ഞു. സംഭവത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചതായും മന്ത്രി വ്യക്തമാക്കി.

(വോയ്സ്)

അതേസമയം, കുട്ടിയുടെ മരണത്തിൽ പ്രതിഷേധിച്ച് കെ എസ് ഇ ബി ഓഫീസിലേക്കും സ്കൂളിലേക്കും പാലക്കാട് വൈദ്യുതി മന്ത്രിയുടെ ഓഫീസിലേക്കും ബി ജെ പി യുടെ നേതൃത്വത്തിൽ പ്രതിഷേധ മാർച്ച് നടത്തി.

***************************************

## ബാലാവകാശ കമ്മീഷൻ

തേവലക്കരയിൽ ഷോക്കേറ്റ് വിദ്യാർത്ഥി മരിച്ച സംഭവത്തിൽ സ്കൂൾ അധികൃതരുടെ ഭാഗത്തുനിന്ന് ഗുരുതരമായ വീഴ്ച സംഭവിച്ചതായി ബാലാവകാശ കമ്മീഷൻ . രാവിലെ സ്കൂൾ സന്ദർശിച്ച ശേഷം കമ്മീഷൻ ചെയർമാൻ കെ.വി മനോജ് കുമാർ മാധ്യമങ്ങളോട് പറഞ്ഞതാണ് ഇക്കാര്യം. സംഭവത്തിൽ സ്കൂൾ അധികൃതരോടും കെ എസ് ഇ ബി യോടും പഞ്ചായത്തിനോടും വിശദീകരണം തേടും. വിശദമായ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാൻ സർക്കാരിനോട് ആവശ്യപ്പെടുമെന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

***************************************

## മഴ - സംസ്ഥാനം

കേരളത്തിൽ അതിതീവ്ര മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. ഇടുക്കി, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത നല്കിയിട്ടുണ്ട്. മലയോര മേഖലകളിൽ ജാഗ്രതാ കർശനമാക്കി. പലയിടത്തും മണ്ണിടിച്ചിൽ , വെള്ളപ്പൊക്ക മുന്നറിയിപ്പും നല്കിയിട്ടുണ്ട്. കേരള- കർണാടക-

ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 21 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

***********************************

## മഴ-കണ്ണൂർ (ഇൻട്രോ)

കണ്ണൂർ ജില്ലയിൽ രാവിലെ മുതൽ മഴ ശക്തമായി. മലയോരത്തും തീവ്ര മഴയാണ് പെയ്യുന്നത്. **വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.**

(വോയ്സ്)

***********************************

## സ്പിൽവേ ഷട്ടറുകൾ

പാലക്കാട് പോത്തുണ്ടി ഡാമിന്റെ സ്പിൽവേ ഷട്ടറുകൾ ഇന്ന് ഉച്ചയ്ക്ക് ഒരു മണിക്ക് തുറക്കുമെന്ന് മലമ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

RNUTVPM

***********************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

***********************************

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 27 ന് . പരിപാടിയുടെ 124-ാം പതിപ്പാണിത്. ആകാശവാണിയിലും ദൂരദർശനിലും പരിപാടി തത്സമയം ലഭ്യമാകും. തുടർന്ന്, മലയാള പരിഭാഷയും കേൾക്കാം. പരിപാടിയെ കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായങ്ങളും ആശയങ്ങളും നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും ഈ മാസം 25 വരെ അറിയിക്കാവുന്നതാണ്.

**************************************

## ഉമ്മൻചാണ്ടി സ്മൃതി സംഗമം -രാഹുൽഗന്ധി

ജനങ്ങളുടെ വികാരം മനസ്സിലാക്കി പ്രവർത്തിച്ചിരുന്ന രാഷ്ട്രീയ നേതാവായിരുന്നു ഉമ്മൻചാണ്ടിയെന്ന് ലോകസ്ഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. സ്വന്തം ആരോഗ്യംപോലും വകവക്കാതെ ജനങ്ങൾക്ക് വേണ്ടി ജീവിതം മാറ്റിവച്ച നേതാവായിരുന്നു ഉമ്മൻചാണ്ടി. അത്തരം നേതാക്കൾ കൂടുതലായി രാഷ്ട്രീയത്തിലേക്ക് വരണമെന്നും രാഹുൽഗാന്ധി പറഞ്ഞു. മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ രണ്ടാം ചരമവാർഷികത്തോട് അനുബന്ധിച്ച് കെപിസിസിയുടെ നേതൃത്വത്തിൽ നടത്തുന്ന ഉമ്മൻചാണ്ടി സ്മൃതി സംഗമം പുതുപ്പള്ളിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഹുൽഗാന്ധി. പുതുപ്പള്ളി സെന്റ് ജോർജ്ജ് പള്ളിയിലെ ഉമ്മൻചാണ്ടിയുടെ കബറിടത്തിൽ പുഷ്പാർച്ചനയും നടത്തി. ഉമ്മൻചാണ്ടി ഫൗണ്ടേഷൻ നിർമ്മിച്ച് നൽകുന്ന 12 വീടുകളുടെ താക്കോൽ ദാനവും കെപിസിസിയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും രാഹുൽ ഗാന്ധി നിർവഹിച്ചു .

**************************************

RNU TVPM

## ബി ജെ പി യോഗം

നിയുക്ത രാജ്യസഭാ എം പി  സി സദാനന്ദൻ മാസ്റ്റർക്ക് തിരുവനന്തപുരം വിമാനത്താവളത്തിൽ ബിജെപി പ്രവർത്തകർ സ്വീകരണം നൽകി. ഇന്ന് നടക്കുന്ന ബിജെപി സംസ്ഥാന ഭാരവാഹി യോഗത്തിൽ പങ്കെടുക്കാനാണ് അദ്ദേഹം തിരുവനന്തപുരത്തെത്തിയത്. രാഷ്ട്രപതിയും പ്രധാനമന്ത്രിയും ഏൽപ്പിച്ച ഉത്തരവാദിത്വവും ദൗത്യവും സമ്പൂർണ്ണമായി സാക്ഷാത്കരിക്കാൻ കഴിയുമെന്ന് അദ്ദേഹം പ്രതീക്ഷ പ്രകടിപ്പിച്ചു. വികസിത ഭാരതം എന്ന പ്രധാനമന്ത്രിയുടെ ലക്ഷ്യത്തിനൊപ്പം കേരളവും വളരേണ്ടത് ആവശ്യമാണെന്നും കൂട്ടായ പ്രവർത്തനത്തിലൂടെ മുന്നോട്ടുപോകാമെന്നും അദ്ദേഹം പറഞ്ഞു..

************************************

RNU TVPM

## മൂന്നാർ (ഇൻട്രോ)

2018ലെ പ്രളയത്തിൽ തകർന്ന മൂന്നാറിലെ സർക്കാർ കോളേജ് കെട്ടിടത്തിൻ്റെ നിർമ്മാണത്തിന് വഴിയൊരുങ്ങുന്നു. കോളേജ് നിർമ്മിക്കുവാനുള്ള ഭൂമി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറിക്കൊണ്ടുള്ള ഉത്തരവ് പുറത്തിറങ്ങി. 2.8862 ഹെക്ടർ ഭൂമിയാണ് പുതിയതായി കോളേജ് കെട്ടിടം നിർമ്മിക്കുവാൻ അനുവദിച്ച് നൽകിയിട്ടുള്ളത്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**

(വോയ്സ്)

************************************

## ടെണ്ടർ ക്ഷണിച്ചു

കേന്ദ്ര വാർത്താ വിതരണപ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ കേരള- ലക്ഷദ്വീപ്

മേഖലയിൽ സർക്കാരിൻറെ വിവിധ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ഏജൻസികളിൽ നിന്ന് ടെൻഡർ ക്ഷണിച്ചു. ഈമാസം 28 ന് ഉച്ചയ്ക്ക് ഒരു മണി വരെ ടെൻഡർ സമർപ്പിക്കാം.

************************************

## അന്തരിച്ചു

ആകാശവാണിയിലും ദൂരദർശനിലും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായിരുന്ന കെ പ്രഭാകര മേനോൻ കോഴിക്കോട് അന്തരിച്ചു. 95 വയസായിരുന്നു ആകാശവാണി ഡൽഹി, മദ്രാസ്, കോഴിക്കോട്, കട്ടക്ക് , അന്തമാൻ നിക്കോബാർ നിലയങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഡൽഹി ദൂരദർശനിൽ നിന്ന് എ ഒ ആയി 1988 ലാണ് റിട്ടയർ ചെയ്തത്. രണ്ട് വർഷമായി അസുഖ ബാധിതനായി ചികിത്സയിലായിരുന്നു.

RNU TVPM

************************************

## വന്ദേ ഭാരത്

തിരഞ്ഞെടുത്ത വന്ദേ ഭാരത് ട്രെയിനുകൾക്ക് തത്സമയ റിസർവേഷൻ ആരംഭിച്ചതായി ദക്ഷിണ റെയിൽവെ. കേരളത്തിൽ ആലപ്പുഴ വഴിയുള്ള തിരുവനന്തപുരം - മംഗളൂരു, മംഗളൂരു-തിരുവനന്തപുരം ട്രെയിനുകളിലാണ് ഈ സൗകര്യം ലഭ്യമാകുന്നത്. സീറ്റ് ഒഴിവുണ്ടെങ്കിലും ട്രെയിൻ ആദ്യ സ്റ്റേഷൻ വിട്ടുകഴിഞ്ഞാൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ ഇതുവരെ കഴിയുമായിരുന്നില്ല. എന്നാൽ ഇനി സ്റ്റേഷനുകളിൽ ട്രെയിൻ എത്തുന്നതിന് 15 മിനിറ്റ് മുമ്പ് വരെ കറണ്ട് റിസർവേഷൻ ലഭ്യമാകും. കൗണ്ടറിൽ നിന്നോ ഓൺലൈനായോ ടിക്കറ്റ് ബുക്ക് ചെയ്യാം.

**************************************

## മന്ത്രി എം ബി രാജേഷ്

രാജ്യത്തെ 100 ശുചിത്വനഗരങ്ങളുടെ പട്ടികയിൽ കേരളത്തിൽ നിന്നുള്ള എട്ട് നഗരങ്ങൾ ഇടം നേടിയതിൽ സന്തോഷം പ്രകടിപ്പിച്ച് മന്ത്രി എം ബി രാജേഷ്. കഴിഞ്ഞ വർഷം ആയിരത്തിനുള്ളിൽ പോലും ഒറ്റ നഗരസഭയും ഉണ്ടായിരുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. മാലിന്യ സംസ്കരണ രംഗത്ത് വൻ മുന്നേറ്റം നടത്തിയാണ് ഈ നേട്ടം സ്വന്തമാക്കിയത്. കേരളത്തിൽ ആകെയുള്ള 93 നഗരസഭകളിൽ 82 ഉം ഇക്കുറി ആയിരം റാങ്കിനുള്ളിൽ ഇടം നേടി.

**************************************

PNUTVPM

## നിപ

വിവിധ ജില്ലകളിലായി ആകെ 674 പേരാണ് നിപ സമ്പർക്കപ്പട്ടികയിൽ ഉള്ളതെന്ന് മന്ത്രി വീണാ ജോർജ്. മലപ്പുറം ജില്ലയിൽ 131 പേരും പാലക്കാട് 426 പേരും കോഴിക്കോട് 115 പേരും എറണാകുളം, തൃശൂർ ജില്ലകളിൽ ഒരാൾ വീതവുമാണ് സമ്പർക്കപ്പട്ടികയിലുള്ളത്.

**************************************

## കോളെജ് സ്പോർട്സ് ലീഗ്

കാലിക്കറ്റ് സർവകലാശാല കോളെജ് സ്പോർട്സ് ലീഗ് മത്സരങ്ങൾ പിടി ഉഷ ഇൻഡോർ സ്റ്റേഡിയത്തിൽ ഇന്ന് മന്ത്രി വി. അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ ടീമുകളുടെ ലോഗോ, ക്ലബ് നെയിം, ജേഴ്സി, ഫ്ളാഗ്, തീം സോങ് എന്നിവയുടെ പ്രകാശനം നടക്കും. എന്നാൽ കാലിക്കറ്റ്

സർവകലാശാല മൈതാനത്തു ഇന്ന് നടത്താൻ നിശ്ചയിച്ചിരുന്ന മത്സരങ്ങൾ മഴകാരണം ഈ മാസം 21 ലേക്ക് മാറ്റി .

************************************

## തിരുവനന്തപുരം നഗരസഭ

കേന്ദ്ര സർക്കാരിന്റെ സ്വച്ഛ് സർവേഷൺ റാങ്കിങ്ങിൽ തിരുവനന്തപുരം നഗരസഭക്ക് മികച്ച നേട്ടം. 2023 സർവ്വേയിൽ 2613-ാം സ്ഥാനമായിരുന്ന തിരുവനന്തപുരം നഗരസഭ ഇത്തവണ 89-ാം സ്ഥാനം കരസ്ഥമാക്കി. കേരളത്തിൽ ആദ്യമായി തിരുവനന്തപുരം നഗരസഭക്ക് വാട്ടർ പ്ലസ് പുരസ്കാരം നേടാൻ കഴിഞ്ഞു.

************************************************************************

************************************

RNU TVPM